## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *42

07.01.2014- ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖല നേരിടുന്ന പ്രതി സന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രതിസന്ധികൾ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) സഹകരണ മേഖലയിൽ പ്രയാസങ്ങൾ ഉണ്ടെങ്കിലും, സംസ്ഥാനത്തിലെ സഹകരണ മേഖല പ്രതിസന്ധികളെ നേരിടുന്നതിന് ഒരു പരിധി വരെ സജ്ജമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യകതയും വളർച്ചയും ലക്ഷ്യമാക്കി രാഷ്ട്രീയ ഭേദമന്യേ എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ ശ്രദ്ധയും ഇടപെടലും കൊണ്ടാണ് ഇതു സാധിക്കുന്നത്.<br>സഹകരണ മേഖലയുടെ വർദ്ധിച്ചുവരുന്ന കുടിശ്ശിക നേരിടുന്നതിന് 'ആശ്വാസ് 2014' എന്ന പേരിൽ കുടിശ്ശിക നിവാരണം പദ്ധതി 2014 ജനുവരി 15 മുതൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗവൺമെന്റിന്റെ കടാശ്വാസ പദ്ധതികൾ മൂലവും ഇളവുകൾ മൂലവും ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് കുടിശ്ശിക പിരിവ് പരമാവധി ഊർജ്ജിതമാക്കുന്നതിനും ആർബിട്രേഷൻ/ |

എക്സിക്യൂഷൻ നടപടികൾ കഴിയുന്നിടത്തോളം തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശ്വാസ് 2014 കാമ്പയിൻ പരമാവധി കുടിശ്ശിക കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

31.03.2014 ന് സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത കുറഞ്ഞത് 7% കൈവരിക്കണമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്രഗവൺമെന്റ് മൂലധന സഹായം നൽകുന്നുണ്ടെങ്കിലും അത്തരം സഹായം സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ അനുവദിക്കുന്നില്ല.

കേരളത്തിലെ പ്രാഥമിക സഹകരണ സംഘത്തിലെ ഇടപാടുകാർക്ക് ഡി.ബി.ടി. (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) സേവനം ലഭിക്കുന്നതിന് എറണാകുളം ജില്ലാ സഹകരണ ബാങ്ക് സമർപ്പിച്ച ഒരു മാതൃക റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ

പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി 2013-14 വർഷത്തെ പദ്ധതി വിഹിതത്തിൽ തുക വകയിരുത്തുകയും ധനസഹായം നൽകി വരികയും ചെയ്യുന്നുണ്ട്.

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾക്ക് ആദായ നികുതി നൽകണമെന്ന വസ്തുത ആശങ്ക ഉളവാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബക്ഷികമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് കൈക്കൊണ്ട തീരുമാനവും, ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ ഭേദഗതികളും സഹകരണ വായ്പാ മേഖലയിൽ ആശങ്ക ഉണ്ടാക്കുകയും, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് സംസ്ഥാന ഗവൺമെന്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ വായ്പാ മേഖലയ്ക്ക് പുറമെ മാർക്കറ്റിംഗ് ഉപഭോക്തൃ, ആരോഗ്യ, വനിത, പട്ടികജാതി/ പട്ടികവർഗ്ഗ മേഖലകളിലും, നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് മേൽ വിഷയങ്ങളെപ്പറ്റി പഠിക്കുന്നതിന് വിദഗ്ദ്ധ കമ്മിറ്റികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളെ സംബന്ധിച്ച് പഠനം നടത്തി കമ്മിറ്റി റിപ്പോർട്ട് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ മേഖലയിലുള്ള സഹകരണ സംഘങ്ങളെപ്പറ്റി പഠനം നടത്താൻ നിയോഗിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയും വനിതാ സഹകരണ സംഘങ്ങളെപ്പറ്റി പഠിക്കുന്നതിന് നിയമിച്ചിട്ടുള്ള കമ്മിറ്റിയും റിപ്പോർട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

97-ാം ഭരണ ഘടനാ ഭേദഗതിക്കനുസൃതമായി സംഘങ്ങളുടെ ആഡിറ്റ് കാലാനുസൃതമാക്കിയതും പൊതുയോഗങ്ങൾ യഥാസമയം കൂട്ടുന്നതിനും, യഥാസമയം തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് നടപടികൾ

സ്വീകരിച്ചതും ഈ മേഖലയുടെ ആകെയുള്ള ഉണർവിന് വഴിയൊരുക്കിയിട്ടുണ്ട്.

| | |
|---|---|
| സി) സഹകരണ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല |
| ഡി) ഉണ്ടെങ്കിൽ കാരണം എന്തെന്ന് വിശദമാക്കാമോ; | (ഡി) യും (ഇ) യും (സി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| ഇ) ഇതുമൂലം സഹകരണ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ